**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2849** **18.06.2019-ൽ മറുപടിയ്ക്ക്**

## കോസ്റ്റ് എസ്കലേഷൻ

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് നടപ്പാക്കിയ പദ്ധതികളുടെ ശരാശരി കോസ്റ്റ് എസ്കലേഷൻ തോത് എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പ് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരം 18 മാസത്തിനു മുകളിൽ പൂർത്തീകരണ കാലാവധിയുള്ള പ്രവൃത്തികൾക്ക് മാത്രമേ പ്രൈസ് എസ്കലേഷൻ നൽകുവാൻ സാധിക്കുകയുള്ളൂ. |
| (ബി) ഈ തോത് കേന്ദ്ര പദ്ധതികൾക്കും സംസ്ഥാന പദ്ധതികൾക്കും വേർതിരിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) & (സി) | പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് നാളിതു വരെ കെട്ടിടവിഭാഗം നിരത്തുകളും പാലങ്ങളും വിഭാഗം എന്നിവയിൽ പ്രൈസ് എസ്കലേഷൻ നൽകിയിട്ടില്ല. സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന ദേശീയപാതാ വിഭാഗത്തിന്റെ പ്രവൃത്തികൾക്ക് കോസ്റ്റ് എസ്കലേഷൻ ക്ലോസ്സ് ഉൾപ്പെടുത്താറില്ല. എന്നാൽ കേന്ദ്ര ഫണ്ട് ഉപയോഗിച്ചുള്ള ഒരു വർഷത്തിലധികം പൂർത്തീകരണ കാലാവധിയുള്ള ഐറ്റം റേറ്റ് പദ്ധതികൾക്കും, ഒന്നര വർഷത്തിലധികം പൂർത്തീകരണ കാലാവധിയുള്ള ഇ.പി.സി വ്യവസ്ഥയിലുള്ള പദ്ധതികൾക്കും സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റ് പ്രകാരം കോസ്റ്റ് എസ്കലേഷൻ ക്ലോസ് ഉൾപ്പെടുത്താറുണ്ട്. ശരാശരി 5 ശതമാനത്തിൽ താഴെയാണ് കോസ്റ്റ് എസ്കലേഷൻ തോത് വരാറുള്ളത്. |
| (സി) എസ്കലേഷൻ കോസ്റ്റിൽ വർദ്ധന വരുന്നതിന്റെ കാരണങ്ങളെക്കുറിച്ച് എപ്പോഴെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ